## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി നോക്കുന്ന ശ്രീമതി.ഷീല.എം-ന് മസ്തിഷ്ക സംബന്ധമായ അസുഖത്തിന് വൈക്കം ഇൻഡോ-അമേരിക്കൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.**1809/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം,**31/05/2015**

---

പരാമർശം : 1) ശ്രീമതി.ഷീല.എം ന്റെ അപേക്ഷ.

2) കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01/04/2016 ലെ എ 3-351/14 നമ്പർ കത്ത്.

3) കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 17/03/2016 ലെ 17 -ാം നമ്പർ തീരുമാനം.

4) ആരോഗ്യവകുപ്പ് ഡയറക്ടറുടെ **04/08/2015-**ലെ MH5-54297/15/DHS, 15/11/2015 ലെMH5-76187/15/ആ.വ.ഡ നമ്പർ കത്തുകൾ.

### ഉത്തരവ്

കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി നോക്കുന്ന ശ്രീമതി.ഷീല.എം-ന് മസ്തിഷ്ക സംബന്ധമായ അസുഖത്തിന് വൈക്കം ഇൻഡോ-അമേരിക്കൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം 4 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,24,740/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 99,792/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി ശ്രീമതി.ഷീല.എം-ന് മസ്തിഷ്ക സംബന്ധമായ അസുഖത്തിന് വൈക്കം ഇൻഡോ-

അമേരിക്കൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന സാക്ഷ്യപ്പെടുത്തിയ 1,24,740/- രൂപയുടെ 80% ആയ 99,792/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) കൊല്ലം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി.എസ്സ്**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ,കൃഷി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ശ്രീമതി.ഷീല.എം, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്, കൊല്ലം (കൊല്ലം ജില്ലാ പഞ്ചായത്ത്സെക്രട്ടറി മുഖേന)
ധനകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (29/05/2015-ലെ നം.1231/G2/15/H&FWD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.( ഫയൽ നം.32/ഇപിഎ 3/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ